മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 19

# വാർത്താക്കുറിപ്പ് (1)

---

## യുനോയ 2023 പുസ്തകോത്സവം 21 വരെ

മഹാത്മാ ഗാന്ധി സർവകലാശാലാ അക്കാദമിക് കാർണിവൽ -യുനോയ 2023നോടനുബന്ധിച്ച് കോട്ടയം നാഗമ്പടം ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന പുസ്തകോത്സവം ജനുവരി 21 വരെ തുടരും. മുൻനിര പ്രസാധകർ പങ്കെടുക്കുന്ന പുസ്തകോത്സവത്തിൽ സാഹിത്യ രചനകളുടെയും അക്കാദമിക് ഗ്രന്ഥങ്ങളുടെയും വിപുല ശേഖമാണ് ഒരുക്കിയിരിക്കുന്നത്.

രാവിലെ പത്തു മുതലാണ് പ്രദർശനം. പുസ്തകമേളയോടനുബന്ധിച്ച് ഇന്ന്(ജനുവരി 20) രാവിലെ 11ന് ശാസ്ത്ര സാഹിത്യകാരൻ പ്രഫ. എസ്. ശിവദാസും ഉച്ചകഴിഞ്ഞ് മൂന്നിന് നോവലിസ്റ്റ് എസ്. ഹരീഷും വിദ്യാർതികളുമായി സംവദിക്കും.

(പി.ആർ.ഒ./39/ 84/2023)

## എൽ.എൽ.ബി. പരീക്ഷ; അപേക്ഷാ തീയതി നീട്ടി

അഫിലിയേറ്റഡ് കോളേജുകളിലെ വിവിധ പഞ്ചവത്സര ഇൻറഗ്രേറ്റഡ് എൽ.എൽ.ബി പരീക്ഷകൾക്ക് ജനുവരി 21 വരെ അപേക്ഷ നൽകാം.

പിഴയോട്ടു കൂടി ജനുവരി 23 നും സൂപ്പർഫൈനോട്ടു കൂടി ജനുവരി 24 നും അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/ 85/2023)

## വൈവ വോസി

ഒന്നാം സെമസ്റ്റർ എം.ബി.എ (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെന്ററി - ജനുവരി 2023) പരീക്ഷയുടെ വൈവ വോസി ജനുവരി 23 മുതൽ അതത് കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/ 86/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ. മ്യൂസിക് വോക്കൽ ആൻറ് മൃദംഗം (2020 അഡ്മിഷൻ റഗുലർ, 2017,2018,2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 23 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/ 87/2023)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എം.എഫ്.എ (പി.ജി.സി.എസ്.എസ്. - റഗുലർ - നവംബർ 2020) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി രണ്ടു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

............................

ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി (ഓണേഴ്സ്, 2017 അഡ്മിഷൻ റഗുലർ, 2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി - ഒക്ടോബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി രണ്ടു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

.......................................

2022 ഓഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി സ്പേസ് സയൻസ് (പി.ജി.സി.എസ്.എസ്., 2020 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി ഒന്നു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

..........................

രണ്ടാം വർഷ എം.എഫ്.എ (സപ്ലിമെൻററി - ഒക്ടോബർ 2021) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി രണ്ടു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

.........................

നാലാം സെമസ്റ്റർ എം.എസ്.സി ഫുഡ് സയൻസ് ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി, അപ്ലൈഡ് മൈക്രോബയോളജി റഗുലർ പരീക്ഷകളുടെ(2022 ഓഗസ്റ്റ്) ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി രണ്ടു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

........................

ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ എൽ.എൽ.ബി (2015,2014,2013,2012 അഡ്മിഷനുകൾ സപ്ലിമെൻററി), ബി.എ ക്രിമിനോളജി എൽ.എൽ.ബി (2011 അഡ്മിഷൻ സപ്ലിമെൻററി) ഒക്ടോബർ 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി രണ്ട് വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/ 88/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**